"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്-തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ ശ്രീമതി. ശാലിനി, കാവിന്റെമൂല തൊടിയിൽ വീട്, കോളിച്ചിറ, ആഴൂർ എന്നയാൾക്ക് ആഴൂർ ഗ്രാമപഞ്ചായത്തിൽ നിർമ്മാണ അനുമതി ലഭിച്ചിരിക്കുന്ന ഭവന സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നമുറയ്ക്ക് ടി ഭവന സമുച്ചയത്തിൽ ഒരു ഫ്ലാറ്റ് നൽകുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.200/2022/LSGD തീയതി,തിരുവനന്തപുരം, 01-02-2022

---

പരാമർശം:-

1. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ ശ്രീമതി. ശാലിനി സമർപ്പിച്ച 01. 09. 2015ലെ അപേക്ഷ.
2. കേരള നിയമസഭാ സെക്രട്ടറിയുടെ 07.09.2015 ലെ 21376/എസ്.സി.എസ്.ടി./ബി2/2015/നി.സെ. നമ്പർ കത്ത്.
3. പഞ്ചായത്ത് ഡയറക്ടറുടെ 18.02.2021 ലെ PAN/1784/202-J2(DP) നമ്പർ കത്ത്.

<u>ഉത്തരവ്</u>

തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ ശ്രീമതി.ശാലിനി, കാവിന്റെമൂല തൊടിയിൽ വീട്, കോളിച്ചിറ, ആഴൂർ എന്നയാൾക്ക് 2009-2010 സാമ്പത്തിക വർഷം ഭൂമി വാങ്ങുന്നതിന് സർക്കാർ ധനസഹായം അനുവദിക്കുകയും ഭവനനിർമ്മാണം നടത്തുകയും ചെയ്തിരുന്നുവെന്നും, എന്നാൽ ടി ഭൂമിയുടെ വടക്കുഭാഗത്തുള്ള പുരയിടത്തിലെ മണ്ണ് ആ പുരയിടത്തിലെ വ്യക്തി കഴിച്ചുമാറ്റിയതിനാലും മണ്ണൊലിപ്പിലൂടെ വീടിന്റെ അടിസ്ഥാനം തകർന്നിട്ടുള്ളതായും ടി ഭൂമി ഭവനനിർമ്മാണത്തിന് യോഗ്യമല്ലാത്ത അവസ്ഥയിലായതായും ആയതിനാൽ താമസയോഗ്യമായ ഒരു ഭവനം ആവശ്യമാണെന്നും പരാതിക്കക്ഷി ബഹു. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. ആയതിന്റെ മറുപടി അംഗീകരിച്ച ബഹു. സമിതി ശ്രീമതി. ശാലിനിക്ക് താമസയോഗ്യമായ ഒരു ഭൂമിയും വീടും നൽകണമെന്ന് നിർ ദ്ദേശിക്കുകയുണ്ടായി. ടിയാൾ ലൈഫ് ഭവന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാൽ നിലവിലെ ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെന്നും ടിയാൾക്ക് ഭൂമി വാങ്ങുന്നതിനും ഭവനനിർമ്മാണം നടത്തുന്നതിനും ഒരു തവണ സർക്കാർ ധനസഹായം അനുവദിച്ചിട്ടുള്ളതിനാൽ വീണ്ടും ആനുകൂല്യം നൽകുന്നതിന് സർക്കാർ അനുമതി ആവശ്യമാണെന്നും സർക്കാർ അനുമതി ലഭിക്കുകയാണെങ്കിൽ ആഴൂർ ഗ്രാമപഞ്ചായത്തിൽ നിർമ്മാണ അനുമതി ലഭിച്ചിരിക്കുന്ന ഭവന സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നമുറയ്ക്ക് ടി ഭവന സമുച്ചയത്തിൽ ഒരു ഫ്ലാറ്റ് ടിയാൾക്ക് നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും പരാമർശം 3 പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പരാതി കക്ഷിയുടെ പ്രത്യേക സാഹചര്യം പരിഗണിച്ച് ആഴൂർ ഗ്രാമപഞ്ചായത്തിൽ നിർമ്മാണ അനുമതി ലഭിച്ചിരിക്കുന്ന ഭവനസമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ടി ഭവന സമുച്ചയത്തിൽ ഒരു ഫ്ലാറ്റ് / വീട് ശ്രീമതി. ശാലിനിക്ക് നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജു പ്രഭാകർ

സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീമതി. ശാലിനി, കാവിന്റെമൂല തൊടിയിൽ വീട്, കോളിച്ചിറ, ആഴൂർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, ഐ&പി.ആർ.ഡി, വെബ്&ന്യൂ മീഡിയ വിംഗ്,തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Reeny

സെക്ഷൻ ഓഫീസർ